236

Reg. No. : ....................................

Name : ........................................

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY – 2024

Part – III

Time : 2½ Hours

## POLITICAL SCIENCE

Cool-off time : 15 Minutes

Maximum : 80 Scores

*General Instructions to Candidates :*

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക. (16)

1. ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ ഇന്ത്യയിലെ ആദ്യസംസ്ഥാനത്തിന്റെ പേര് എഴുതുക.

(a) തമിഴ് നാട് (b) കർണാടക

(c) ആന്ധ്ര (d) കേരളം

2. താഴെ തന്നിരിക്കുന്നവയിൽ നിന്നും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവിനെ കണ്ടെത്തുക.

(a) E.M.S. നമ്പൂതിരിപ്പാട് (b) ശ്യാമ പ്രസാദ് മുഖർജി

(c) ആചാര്യ നരേന്ദ്ര ദേവ് (d) മിനൂ മസാനി

3. ഇന്ത്യയിലെ ധവള വിപ്ലവത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ച വ്യക്തി

(a) J.C. കുമാരപ്പ (b) P.C. മഹലനോബിസ്

(c) വർഗീസ് കുര്യൻ (d) M.S. സ്വാമിനാഥൻ

4. "സമ്പൂർണ വിപ്ലവം" എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ്

(a) ചാരു മജൂംദാർ (b) ജയ പ്രകാശ് നാരായണൻ

(c) മൊറാർജി ദേശായി (d) ജോർജ് ഫെർണാണ്ടസ്

5. വിവരാവകാശ നിയമം പാസ്സാക്കിയ വർഷം ഏത് ?

(a) 2005 (b) 2004

(c) 2002 (d) 2009

6. ചേരും പടി ചേർക്കുക :

| | |
|---|---|
| ജയ് ജവാൻ ജയ് കിസാൻ | രാം മനോഹർ ലോഹ്യ |
| കോൺഗ്രസ്സ് ഇതരത്വം | ലാൽ ബഹദൂർ ശാസ്ത്രി |
| ഹിന്ദി വിരുദ്ധ പ്രക്ഷോഭം | ഇന്ദിരാ ഗാന്ധി |
| പത്തിന പദ്ധതി | ഡി.എം.കെ |

(4)

7. ആസിയാൻ രൂപീകൃതമായ വർഷം _______ ആണ്.

8. താഴെ തന്നിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തതിനെ കണ്ടെത്തുക :

(WHO, ILO, UNESCO, NATO)

9. ചേരും പടി ചേർക്കുക :

| | |
|---|---|
| ദേശീയ മുന്നണി സർക്കാർ | ദേവ ഗൗഡ |
| ഐക്യ മുന്നണി സർക്കാർ | A.B. വാജ്പേയ് |
| UPA സർക്കാർ | V.P. സിംഗ് |
| NDA സർക്കാർ | മൻമോഹൻ സിംഗ് |

(4)

10. താഴെ തന്നിരിക്കുന്നവയുടെ പൂർണ്ണ രൂപം എഴുതുക.

(a) LTBT (b) NPT (2)

11. അനുയോജ്യമായ നാമങ്ങൾ നൽകി വിട്ടുപോയ കോളങ്ങൾ പൂരിപ്പിക്കുക.

| ഒന്നാം ഗൾഫ് യുദ്ധം | 9/11 ആക്രമണം | രണ്ടാം ഗൾഫ് യുദ്ധം |
|---|---|---|
| ? | ഓപ്പറേഷൻ എൻഡ്യുറിംഗ് ഫ്രീഡം | ? |

(2)

12. 1992-ൽ ഒന്നാം ഭൗമ ഉച്ചകോടി നടന്ന നഗരത്തിന്റെ പേരെഴുതുക.

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**3 സ്കോർ വീതം.** **(4 × 3 = 12)**

13. ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിനെപ്പറ്റി ഒരു ചെറുകുറിപ്പ് എഴുതുക.

14. 1969-ൽ കോൺഗ്രസ്സ് പാർട്ടിയെ പിളർപ്പിലേക്ക് നയിച്ച പ്രധാന പ്രശ്നങ്ങൾ വിവരിക്കുക.

15. ഇരുധ്രുവ രാഷ്ട്രീയം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

16. ഒരു മൃദുശക്തി എന്ന നിലയിൽ അമേരിക്കൻ മേധാവിത്വം വിലയിരുത്തുക.

17. ആഗോള വൽക്കരണത്തിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ എന്തെല്ലാം ?

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

18. പഞ്ചവത്സര പദ്ധതികളുടെ ഏതെങ്കിലും നാല് ഫലങ്ങൾ വിശദീകരിക്കുക.

19. ഒരു പരിസ്ഥിതി പ്രസ്ഥാനം എന്ന നിലയിൽ നർമ്മദാ ബച്ചാവോ ആന്ദോളൻ എന്ന സംഘടനയുടെ പ്രാധാന്യം ചർച്ച ചെയ്യുക.

20. ഇന്ത്യയിലെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി മണ്ഡൽ കമ്മീഷൻ നൽകിയ സംഭാവനകൾ വിലയിരുത്തുക.

21. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ഏതെങ്കിലും നാല് തർക്ക വിഷയങ്ങൾ ചുരുക്കി വിവരിക്കുക.

22. സമകാലിനലോകത്തിലെ ഏതെങ്കിലും നാല് സുരക്ഷാഭീഷണികൾ വിശദീകരിക്കുക.

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

23. "ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറ്റവും വിവാദമായ അധ്യായങ്ങളിൽ ഒന്നായിരുന്നു അടിയന്തരാവസ്ഥ". അടിയന്തരാവസ്ഥയുടെ ഫലങ്ങൾ വിശദീകരിക്കുക.

24. 'ഓപ്പറേഷൻ ബ്ലൂ സ്റ്റാർ' എന്നാൽ എന്താണ് ? ഓപ്പറേഷൻ ബ്ലൂ സ്റ്റാർ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉണ്ടാക്കിയ പ്രധാന പ്രത്യാഘാതങ്ങൾ എഴുതുക.

25. അമേരിക്കൻ ആധിപത്യത്തിന് ബദൽ ശക്തി എന്ന നിലയിൽ യൂറോപ്യൻ യൂണിയന്റെ പങ്ക് പരിശോധിക്കുക.

26. ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വം ലഭിക്കാനുള്ള ഇന്ത്യയുടെ അവകാശവാദങ്ങൾ കണ്ടെത്തുക.

27. ആഗോള രാഷ്ട്രീയത്തിലെ പാരിസ്ഥിതിക ആശങ്കകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം.** **(2 × 8 = 16)**

28. "മാനവചരിത്രം ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദാരുണമായ മനുഷ്യ കൈമാറ്റത്തിനാണ് 1947 സാക്ഷിയായത്" ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിഭജന പ്രക്രിയയെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും ഒരു ഉപന്യാസം തയാറാക്കുക.

29. 1962-ലെ ചൈനീസ് അധിനിവേശത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദീകരിക്കുക.

30. "സോവിയറ്റ് യൂണിയന്റെ തകർച്ച ലോകരാഷ്ട്രീയത്തിൽ അഗാധമായ സ്വാധീനം ചെലുത്തി". സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക